**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 1912**

**22.01.2014-ൽ മറുപടിക്ക്.**

## ഗ്രാമന്യായാലയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി.എ.റഹീം | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നടപടികൾ വിശദമാക്കാമോ; | എ) ) 01.03.2011-ൽ പുറപ്പെടുവിച്ച സ.ഉ (എം.എസ്) 86/2011/ആഭ്യന്തരം ഉത്തരവു പ്രകാരം വിവിധ ബ്ലോക്ക് പഞ്ചായത്തുകളിലായി 30 ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിരുന്നു. ഗ്രാമന്യായാലയ റൂൾസ് പുറപ്പെടുവിക്കുന്നതിനു വിധേയമായി അനുവദിക്കപ്പെട്ട ബ്ലോക്കുകളിൽ കെട്ടിടം ലഭ്യമാക്കിയാണ് ഇവയുടെ പ്രവർത്തനം ആരംഭിക്കുക. കേരള ഗ്രാമന്യായാലയ റൂൾസ് 2012, ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ ജഡ്ജസ് കമ്മിറ്റി മുമ്പാകെ പരിശോധനയിലാണ്. |
| ബി) കോഴിക്കോട് ജില്ലയിൽ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ച സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;<br>സി) ഇവയിൽ പ്രവർത്തനം ആരംഭിച്ചവയുണ്ടോ; വിശദമാക്കാമോ; | ബി & സി) കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി ബ്ലോക്ക് പഞ്ചായത്തിലെ കുന്നുമ്മൽ, താമരശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ കൊടുവള്ളി, എന്നിവിടങ്ങളിലാണ് ഗ്രാമന്യായാലയങ്ങൾ അനുവദിച്ചിട്ടുള്ളത്. ഇവയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| ഡി) ഇവ ബ്ലോക്ക് ആസ്ഥാനങ്ങളിലാണോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ഡി) ബ്ലോക്ക് ആസ്ഥാനങ്ങളല്ലാതെയുള്ള സഥലങ്ങളിലും ഗ്രാമന്യായാലയങ്ങൾ അനുവദിച്ചിട്ടുണ്ട്. |
| ഇ) നിലവിൽ ഒരു കോടതിയും ഇല്ലാത്ത സ്ഥലങ്ങളിൽ ഈ കോടതി സ്ഥാപിക്കുന്നതിന് മുൻഗണന നൽകുമോ? | ഇ) ബ്ലോക്ക് പഞ്ചായത്തുകളിലെ കേസുകളുടെ ആധിക്യം കണക്കിലെടുത്താണ് ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നത്. |

സെക്ഷൻ ഓഫീസർ